**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4957** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി തരം മാറ്റിക്കിട്ടുന്നതിനുള്ള അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നത് മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള ഭൂമിയുടെ തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അപേക്ഷകളുടെ ബാഹുല്യം മൂലവും, കോവിഡ്-19 വ്യാപനവും നിയന്ത്രണങ്ങളും, കൂടാതെ, കോവിഡ്-19 നിയന്ത്രണ പ്രവർത്തനങ്ങൾ, ഇലക്ഷൻ-പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയിലേക്ക് ജീവനക്കാരെ നിയമിക്കേണ്ടി വന്നതിനാലും, അപേക്ഷകൾ തീർപ്പാക്കുന്നതിൽ പൊതുവെ കാലതാമസം നേരിട്ടിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി, യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | നിയമപ്രകാരം കരഭൂമി ആണെന്നുള്ള രേഖകൾ കൃത്യമായുള്ള സ്ഥലങ്ങളിൽ ഭൂമിയുടെ തരംമാറ്റം വേഗത്തിൽ നടപ്പാക്കുന്നതിന് മാർഗ്ഗനിർദേശം പുറപ്പെടുവിക്കുമോ; വിശദാംശം നൽകാമോ? | (ബി) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള ഭൂമിയുടെ തരം മാറ്റ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാൽ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതാണ്. ആയതിനാൽ, പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. * ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ വരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . * ഭൂമി തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച്, അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. *ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം |

| | | | |
|---|---|---|---|
| | | | പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. * അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ